**REPORT OF THE SUBJECT COMMITTEE**

**ON**

**THE KERALA COURT FEES AND SUITS VALUATION (AMENDMENT) BILL, 2026**

**AND**

**THE BILL AS REPORTED BY THE SUBJECT COMMITTEE**

Presented on 16th October, 2026

©
Keralam Legislature Secretariat
2026

KERALAM NIYAMASABHA PRINTING PRESS.

**REPORT OF THE SUBJECT COMMITTEE**

**ON**

**THE KERALA COURT FEES AND SUITS VALUATION (AMENDMENT) BILL, 2026**

**AND**

**THE BILL AS REPORTED BY THE SUBJECT COMMITTEE**

# CONTENTS


| | | *Page* |
|---|---|---|
| 1. Composition | .. | v |
| 2. Report | .. | 1 |
| 3. Appendix I | | |
| Minutes of dissent | .. | 3 |
| 4. Appendix II | | |
| Bill as reported by the Subject Committee | .. | 7 |

# SUBJECT COMMITTEE VIII

# (ECONOMIC AFFAIRS)

# (2026-2028)

**Composition**

*Chairperson:*

Shri V. D. Satheesan,

Chief Minister

*Ex-officio Members*:

Shri M. Liju,

Minister for Co-operation and Excise

Shri O. J. Janeesh,

Minister for Sports, Youth Affairs, Registration, Museums, Archaeology & Archives

*Members*:

Shri K. N. Balagopal

Shri P. K. Praveen

Shri K. Praveen Kumar

Shri K. Rajan

Shri Rajeev Chandrasekhar

Shri P. M. A. Sameer

Shri Thomas Unnniyadan

Shri M. Vincent.

*Legislature Secretariat*:

Shri Shaji C. Baby, Secretary-in-charge

Smt. Jayasree M., Joint Secretary

Smt. Deepa N. G., Deputy Secretary

Smt. Roshni R., Under Secretary.

# THE KERALA COURT FEES AND SUITS VALUATION (AMENDMENT) BILL, 2026

(*Report of the Subject Committee*)

Subject Committee VIII (Economic Affairs) to which The Kerala Court Fees and Suits Valuation (Amendment) Bill, 2026 was referred, considered the Bill (Bill No.5) clause by clause and now submits this report with the Bill as reported by the Subject Committee annexed thereto.

2. The Kerala Court Fees and Suits Valuation (Amendment) Bill, 2026 was published as a Gazette Extraordinary dated 3rd September, 2026. The Bill was introduced in the Assembly on 12th October, 2026 and was referred to Subject Committee on the same day.

3. The Committee considered the Bill clause by clause at the meeting held on 13th October, 2026 and recommends to adopt the Bill without any modifications.

4. All other changes are either verbal or consequential.

5. The minutes of dissent and the Bill as reported by the Subject Committee are appended.

V. D. SATHEESAN
*Chairperson,*
*Subject Committee VIII.*

Thiruvananthapuram,
16th October 2026.

അനുബന്ധം I

വിയോജനക്കുറിപ്പ്

ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ സ്റ്റേറ്റ്മെന്റിൽ പറയുന്നത് നിലവിലുള്ള ഒരു "അവ്യക്തത" നീക്കുന്നു എന്നാണ്. എന്നാൽ അവിടെ നീക്കം ചെയ്യാൻ തക്ക അവ്യക്തത കാണുന്നില്ല. 2024 (1) KHC 415- ലെ *ശ്രീ ധന്വന്തരി ചിറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് v. ബാബു* കേസിൽ, ലീഗൽ ബെനഫിറ്റ് ഫണ്ടിലേക്ക് മാറ്റുന്നതാണെങ്കിൽ കൂടി 76(1) വകുപ്പ് പ്രകാരമുള്ള അധിക ഫീസ് കോടതി ഫീസായിത്തന്നെ തുടരുമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിച്ചിട്ടുണ്ട്. അതിനാൽ ഇത് 69A വകുപ്പ് പ്രകാരം തിരികെ നൽകേണ്ട "മുഴുവൻ കോടതി ഫീസിന്റെയും" ഭാഗമാണ്. *അനിൽ കുമാർ എ. v. ഇബ്രാഹിംകുട്ടി വി.കെ.*, അതുപോലെ *പോൾ ജോസ് v. ജില്ലാ ട്രഷറി ഓഫീസർ* എന്നീ കേസുകളിലും കോടതി ഇത് ശരിവച്ചിട്ടുണ്ട്. നിലനിൽക്കുന്ന ഒരു ജുഡീഷ്യൽ വ്യാഖ്യാനത്തെ മറികടക്കാൻ ഉദ്ദേശിച്ചുള്ളതാണെങ്കിൽ അത് സഭയെ കൃത്യമായി അറിയിക്കേണ്ടതുണ്ട്.

കോടതി ഫീസ് നിയമത്തിലെ അദ്ധ്യായം VII-ൽ റീഫണ്ടിനായി കൃത്യമായ വ്യവസ്ഥകളുണ്ട്. റിമാൻഡ് (വകുപ്പ് 67), അബദ്ധവശാലോ തെറ്റായോ അടച്ച തുക (വകുപ്പ് 70) എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതിനുപുറമെ, കോടതിക്ക് പുറത്ത് തർക്കം പരിഹരിക്കുന്ന കേസുകളിൽ മുഴുവൻ കോടതി ഫീസും തിരികെ നൽകണമെന്ന് കേന്ദ്ര നിയമങ്ങളായ സിവിൽ പ്രൊസീജ്യർ കോഡ് (CPC) സെക്ഷൻ 89, 1987-ലെ ലീഗൽ സർവീസസ് അതോറിറ്റി ആക്റ്റിന്റെ 21(1)-ാം വകുപ്പ്, 1870-ലെ കോർട്ട് ഫീസ് ആക്റ്റിന്റെ 16-ാം വകുപ്പ് എന്നിവയിൽ കൃത്യമായി വ്യവസ്ഥ ചെയ്തിട്ടുണ്ട് (ഇതിനെ അടിസ്ഥാനമാക്കിയുള്ളതാണ് സംസ്ഥാന നിയമത്തിലെ 69 എ വകുപ്പും). എന്നാൽ ബില്ലിലെ പുതിയ 76 എ വകുപ്പ് കേന്ദ്ര നിയമങ്ങളിലെ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുകയും, നിലവിലെ റീഫണ്ട് വ്യവസ്ഥകളെയെല്ലാം ഒറ്റയടിക്ക് റദ്ദാക്കുകയും ചെയ്യുന്നു. ഈ ഭേദഗതി നിലവിലുള്ള ഓരോ വകുപ്പിനെയും എങ്ങനെ ബാധിക്കുമെന്ന് ബില്ലിൽ യാതൊരു വ്യക്തതയുമില്ല. കക്ഷിയുടെ പിഴവ് മൂലമാണ് റിമാൻഡ് ഉണ്ടായതെങ്കിൽ റീഫണ്ട് തടയുന്നതിനുള്ള വ്യവസ്ഥ 67-ാം വകുപ്പിൽ തന്നെയുണ്ട്. ഖജനാവിന് നഷ്ടമുണ്ടാകാതിരിക്കാനുള്ള ഇത്തരം സംരക്ഷണങ്ങൾ നിലവിലെ നിയമത്തിൽ തന്നെ ഉള്ളപ്പോൾ, അവ എങ്ങനെ അപര്യാപ്തമാകുന്നു എന്ന് വിശദീകരിക്കാൻ ബില്ലിന് കഴിയുന്നില്ല.

കോടതിക്ക് പുറത്തുള്ള ഒത്തുതീർപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് റീഫണ്ട് നൽകുന്നത്. *ഹൈക്കോർട്ട് ഓഫ് ജുഡിക്കേച്ചർ അറ്റ് മദ്രാസ് v. എം.സി. സുബ്രഹ്മണ്യം (2021)* കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത്തരം വ്യവസ്ഥകൾക്ക് വിശാലമായ

വ്യാഖ്യാനം നൽകണമെന്നും, റീഫണ്ട് നൽകുന്നത് കോടതിയുടെ സമയം ലാഭിക്കാനും തിരക്ക് കുറയ്ക്കാനും സഹായിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഒത്തുതീർപ്പിലെത്തുന്ന കക്ഷികളോട് വിവേചനം പാടില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. പുതിയ ഭേദഗതി പ്രകാരം ഒത്തുതീർപ്പിലൂടെയോ, മീഡിയേഷൻ വഴിയോ, ലോക് അദാലത്ത് മുഖേനയോ തർക്കം പരിഹരിക്കുന്ന ഒരു കക്ഷിക്ക് അവരുടെ അധിക ഫീസ് നഷ്ടമാകും. തർക്കപരിഹാരം പ്രോത്സാഹിപ്പിക്കുക എന്ന സർക്കാരിന്റെ തന്നെ നയത്തിന് വിരുദ്ധമാണിത്.

ഇരട്ടിപ്പായി അടച്ചതോ, അധികമായി നൽകിയതോ, അബദ്ധത്തിൽ നൽകിയതോ ആയ തുകകൾ തിരികെ നൽകണമെന്ന് 70-ാം വകുപ്പ് അനുശാസിക്കുന്നുണ്ട്. എന്നാൽ ബില്ലിലെ "ഒരു കാരണവശാലും (in no case)" എന്ന വ്യവസ്ഥ ഇത്തരം റീഫണ്ടുകളെയും, വാദം കേൾക്കുന്നതിലേക്ക് പോലും എത്താത്ത കേസുകളിലെ ഫീസിനെയും ഇല്ലാതാക്കും. യാതൊരു സേവനവും നൽകാതെ പണം പിടിച്ചുവയ്ക്കുന്നത് ഫീസായി കണക്കാക്കാൻ കഴിയില്ല. നൽകുന്ന സേവനവും ഈടാക്കുന്ന ഫീസും തമ്മിൽ ന്യായമായ ബന്ധമുണ്ടായിരിക്കണം; അല്ലാത്തപക്ഷം അത് പ്രത്യേക അധികാരം ആവശ്യമുള്ള ഒരു നികുതിയായി മാറും. ബില്ലിന്റെ അനന്തരഫലമെന്ന നിലയിൽ അവ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്.

ബില്ലിൽ വ്യക്തമായ മുൻകാലപ്രാബല്യ (retrospective) വ്യവസ്ഥകളില്ലെങ്കിലും, പുതിയ 76A വകുപ്പിലെ പ്രൊവിസോ സൂചിപ്പിക്കുന്നത് നിലവിൽ തീർപ്പാകാത്ത കേസുകളിൽ ഇതിനകം അടച്ച ഫീസിനെയും ഇത് ബാധിക്കുമെന്നാണ്. റീഫണ്ട് ഉത്തരവിട്ടിട്ടും ഇതുവരെ ലഭിക്കാത്ത കേസുകളെയും, ഒത്തുതീർപ്പാകുകയും എന്നാൽ വിധി പറയാത്തതുമായ കേസുകളെയും മാത്രമാണ് ബില്ലിലെ പ്രൊവിസോ സംരക്ഷിക്കുന്നത്. ബില്ലിൽ വ്യക്തമായ വ്യവസ്ഥകളില്ലെങ്കിൽ, കക്ഷികൾക്ക് നിലവിലുള്ള അവകാശങ്ങൾ (accrued rights) തുടർന്നും നിലനിൽക്കുമെന്നാണ് കോടതികൾ കണക്കാക്കുന്നത്. അതിനാൽ, ഈ ബിൽ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് ഒത്തുതീർപ്പ് നടന്ന ഒരു കക്ഷിക്ക് റീഫണ്ടിന് അവകാശമുണ്ട്. മാത്രമല്ല, പ്രൊവിസോയിലെ "ഒത്തുതീർപ്പിന് സമ്മതിച്ച (agreed to a settlement)" എന്ന വാക്കിന് കൃത്യമായ നിർവചനവുമില്ല. അതുകൊണ്ടുതന്നെ, പഴയ നിയമപ്രകാരം കക്ഷികൾ ഇതിനകം അടച്ച ഫീസിനെയും നിലവിലുള്ള റീഫണ്ട് അപേക്ഷകളെയോ അർഹതപ്പെട്ട മറ്റ് ക്ലെയിമുകളെയോ ഈ പുതിയ ഭേദഗതി പ്രതികൂലമായി ബാധിക്കും. ആയതിനാൽ ഈ ബിൽ നിയമമാക്കിയാൽ യാതൊരു ചെലവും വരികയില്ല എന്ന നിലവിലെ ധനകാര്യമെമ്മോറാണ്ടം ശരിയല്ല.

ബില്ലിലെ ക്ലോസ് 2 നിലവിലെ നിയമത്തിലെ മറ്റ് വ്യവസ്ഥകളെ (other provisions of this Act) മാത്രമാണ് മറികടക്കുന്നത്. കേന്ദ്ര നിയമങ്ങളായ ലീഗൽ സർവീസസ് അതോറിറ്റി ആക്റ്റ്, 1987-വകുപ്പ് 21 പോലുള്ളവയിലെ റീഫണ്ട് വ്യവസ്ഥകളെ

ഇത് പരിഗണിക്കുന്നില്ല. അതുകൊണ്ട് തന്നെ "ഒരു സാഹചര്യത്തിലും" ഫീസ് തിരികെ നൽകില്ല എന്ന ബില്ലിന്റെ അവകാശവാദം അത് ലക്ഷ്യമിടുന്നതിനേക്കാൾ വിശാലമാണ്. ഇത് വ്യവഹാരങ്ങൾ അവസാനിപ്പിക്കുന്നതിന് പകരം കൂടുതൽ നിയമക്കുരുക്കുകളിലേക്ക് നയിക്കും.

അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്നോ, അല്ലെങ്കിൽ കൃത്യമായ ഉദ്ദേശ്യകാരണങ്ങളും ലീഗൽ ബെനഫിറ്റ് ഫണ്ടിൽ നിന്നും നൽകിയ റീഫണ്ടിന്റെ കണക്കുകളും ഉൾപ്പെടുത്തി ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്നോ ആവശ്യപ്പെടുന്നു. ബില്ലുമായി മുന്നോട്ട് പോകാനാണ് തീരുമാനമെങ്കിൽ, അബദ്ധത്തിൽ അടച്ച തുകകളെ പുതിയ വകുപ്പിൽ നിന്ന് ഒഴിവാക്കാനും, റിമാൻഡ്, ഒത്തുതീർപ്പ് എന്നിവയിലെ റീഫണ്ട് സംരക്ഷിക്കാനും, നിയമം പ്രാബല്യത്തിൽ വരുന്ന തീയതിയിൽ റീഫണ്ടിന് അർഹതയുള്ള എല്ലാ നടപടികൾക്കും പ്രൊവിസോ ബാധകമാക്കാനും ആവശ്യമായ ഭേദഗതികൾ അംഗീകരിക്കണം. ആയതിനാൽ ഈ ബില്ലിനോട് വിയോജിക്കുന്നു.

കെ. എൻ. ബാലഗോപാൽ ഒപ്പ്

പി. കെ. പ്രവീൺ ഒപ്പ്

കെ. രാജൻ ഒപ്പ്

APPENDIX II

# THE KERALA COURT FEES AND SUITS VALUATION (AMENDMENT) BILL, 2026

(As Reported by the Subject Committee)

*A*

*BILL*

*further to amend the Kerala Court Fees and Suits Valuation Act, 1959.*

*Preamble.*—WHEREAS, it is expedient further to amend the Kerala Court Fees and Suits Valuation Act, 1959 (10 of 1960) for the purposes hereinafter appearing;

BE it enacted in the Seventy-seventh Year of the Republic of India as follows:—

1. *Short title and commencement*.—(1) This Act may be called the Kerala Court Fees and Suits Valuation (Amendment) Act, 2026.

(2) It shall come into force at once.

2. *Insertion of new section 76A*.—In the Kerala Court Fees and Suits Valuation Act, 1959, after section 76, the following section shall be inserted, namely:—

"76A. *No refund of additional court fee*.—Notwithstanding anything contained in any other provisions of this Act, the additional court fee levied under section 76 shall, in no case, be refunded:

Provided that, the above provision shall not affect the refund of additional court fee, in cases where refund has been ordered but not executed or where the court has already agreed to a settlement but has not pronounced judgment before the commencement of the Kerala Court Fees and Suits Valuation (Amendment) Act, 2026 (Act ---of 2026).".

*Secretariat of the Keralam Legislature,*
Thiruvananthapuram,
15th October 2026.

SHAJI C. BABY,
*Secretary-in-charge.*